**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3571** **05-08-2021 - ൽ മറുപടിയ്ക്ക്**

**സംരംഭകർക്ക് കോവിഡ് സമാശ്വാസപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായവകുപ്പിന്റെ കോവിഡ് സമാശ്വാസപദ്ധതി ഏതുരീതിയിലാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) | കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് ചെറുകിട വ്യവസായ സംരംഭകരെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, ഉല്പാദനവും വിപണനവും പ്രതിസന്ധിയിലായ വ്യവസായ സംരംഭകർക്കായി വിവിധ ദുരിതാശ്വാസ പദ്ധതികൾ ഉൾപ്പെടുത്തി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്. 1. കോവിഡ് 19 ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കും. ഈ പദ്ധതി അനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. ഉല്പാദക മേഖലയിലും ജോബ് വർക്ക് ചെയ്യുന്നതുമായിട്ടുള്ള എം.എസ്.എം.ഇ യൂണിറ്റുകൾ ആണ് പദ്ധതി വഴി സഹായത്തിന് അർഹമായിട്ടുള്ളത്. 2. നിലവിലെ ESS മാർഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു |

| | | | |
|---|---|---|---|
| | | | വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നാക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും. ഉൽപ്പാദക മേഖലയിലുള്ള എല്ലാ സംരംഭങ്ങൾക്കും പദ്ധതി വഴി നിബന്ധനകൾക്ക് വിധേയമായി സഹായം ലഭ്യമാകും. 3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും. 4. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും. കോവിഡ് 19 സമാശ്വാസ പദ്ധതി പാക്കേജ് അനുസരിച്ച് പ്രവർത്തന മൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചു വരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേയ്ക്ക് കെ.എസ്.ഐ.ഡി.സി. യുടെ SDF കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചു വർഷം കൊണ്ട് പലിശ രഹിത അടവോടും കൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽ നിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി. യുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു. കൂടാതെ കിൻഫ്ര പാർക്കുകളിലെ ഫാക്ടറി കെട്ടിട സമുച്ചയങ്ങളിലെ സംരംഭകർ നൽകേണ്ട വാടക, കോമൺ ഫെസിലിറ്റി ചാർജ്ജ് എന്നിവ മൂന്ന് മാസത്തേക്ക് ഒഴിവാക്കി കൊടുത്തിട്ടുണ്ട്. |
| (ബി) | സംരംഭകർക്ക് വകുപ്പ് നൽകുന്ന പരിശീലനസഹായം ഏതുരീതിയിലാണെന്നും സംരംഭകസഹായ സബ്സിഡി എപ്രകാരമാണ് വിതരണം ചെയ്യുന്നതെന്നും വിശദീകരിക്കാമോ; | (ബി) | സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന |

| | | | |
|---|---|---|---|
| | | | ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭകവികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തികസഹായം നൽകുകയും ചെയ്യുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്കുള്ള സേവനങ്ങൾ നൽകുന്നതിനും, ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിനും വകുപ്പ് മുൻഗണന നൽകിയിട്ടുണ്ട്. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ, താലൂക്ക് - ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ എല്ലാ വർഷവും നടത്തി വരുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും; മാനേജ്മെന്റിലും, സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. കെ.എസ്.ഐ.ഡി.സി ധനസഹായം അനുവദിച്ച പുതിയ ഉൽപ്പന്ന വ്യവസായങ്ങൾക്ക് കേരള സർക്കാരിന്റെ സംരംഭകത്വ സഹായ പദ്ധതി (ESS) പ്രകാരമുള്ള 40 ലക്ഷം രൂപ വരെയുള്ള സഹായധനം കെ.എസ്.ഐ.ഡി.സി. വഴി നൽകുന്നു. |
| (സി) | സംരംഭകർക്ക് നൽകുന്ന പലിശരഹിത വായ്പ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (സി) | പലിശരഹിത വായ്പ അനുവദിക്കുന്നില്ല. പകരം അർഹതക്കനുസരിച്ച് പലിശയിളവ് അനുവദിച്ചുവരുന്നു |
| (ഡി) | സംരംഭകർക്ക് കെ.എസ്.ഐ.ഡി.സി.യും കിൻഫ്രയും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | കോവിഡ് 19 സമാശ്വാസ പദ്ധതി പാക്കേജ് അനുസരിച്ച് പ്രവർത്തന മൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചു വരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേയ്ക്ക് കെ.എസ്.ഐ.ഡി.സി. യുടെ SDF കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചു വർഷം കൊണ്ട് പലിശ രഹിത അടവോടും കൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽ നിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി. യുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു. കിൻഫ്ര |

| | | | |
|---|---|---|---|
| | | | പാർക്കുകളിലെ ഫാക്ടറി കെട്ടിട സമുച്ചയങ്ങളിലെ സംരംഭകർ നൽകേണ്ട വാടക, കോമൺ ഫെസിലിറ്റി ചാർജ്ജ് എന്നിവ മൂന്ന് മാസത്തേക്ക് ഒഴിവാക്കി കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ